# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2025-26

### MALAYALAM (2ND LANGUAGE)

Date: 18/09/2025 Time Allowed :2½ hours

Class: VII Maximum Marks: 80

---

* **Please check that this question paper contains 5 printed pages and 15 questions.**

1) താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. **(10 x ½ = 5)**

a) " നീരദ പാളികൾ തോളിലുയർത്തിയ
നീലപ്പീലിക്കാവടിയേ " കവി ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

( പ്രഭാതത്തെ , മഴവില്ലിനെ , കടലിനെ )

b) ഏത് ഇലയുടെ അമിതമായ ഉപയോഗമാണ് കവിളിൽ വ്രണം ഉണ്ടാകുന്നതിന് കാരണമാകുന്നത് ?

( വെറ്റിലയുടെ , ചെറൂളയുടെ , ഉഴിഞ്ഞയുടെ )

c) ' കരുണ ' എന്ന കൃതി എഴുതിയതാര് ?

( ഉള്ളൂർ , വള്ളത്തോൾ , കുമാരനാശാൻ )

d) ചിന്തയാകുന്ന മണിമന്ദിരത്തിൽ വിളങ്ങുന്നതാര് ?

( ഈശൻ , ശലഭം , പൂവ് )

e) കളി കഴിഞ്ഞ് കുട്ടികൾ എവിടെയാണ് വിശ്രമിക്കുന്നത് ?

( വീട്ടുമുറ്റത്ത് , കുളത്തിൻകരയിൽ , പാടവരമ്പത്ത് )

f) ' ഔഷധസസ്യങ്ങൾ ' എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു ?

( കഥ , ലേഖനം , കവിത )

g) ഓർമ്മശക്തി വർദ്ധിപ്പിക്കുന്നത് ഉപയോഗിക്കുന്ന ഔഷധ സസ്യമേത് ?

( മുയൽച്ചെവിയൻ , തിരുതാളി , ബ്രഹ്മി )

h) പണ്ടുള്ളവരുടെ ആഹാരം എന്തായിരുന്നു ?

( വിഷം പുരളാത്ത ഇലകൾ , ഫാസ്റ്റ് ഫുഡുകൾ , കൃത്രിമ നിറങ്ങൾ ചേർത്ത ആഹാരങ്ങൾ )

i) ' മഴവില്ലേ നീ മായരുതേ ' എന്ന കവിത എഴുതിയതാര് ?

( വയലാർ , ഓ.എൻ.വി , ഇടശ്ശേരി )

j) വൃക്കരോഗത്തിനും ഹൃദ്രോഗത്തിനും ഫലപ്രദമായ ഒരു ഔഷധമേത് ?

( പൂവാംകുരുന്നില , കീഴാർനെല്ലി , തഴുതാമ )

2) അർത്ഥം എടുത്തെഴുതുക. **(8x ½ = 4)**

| | |
|---|---|
| a) ഈറൻ | ( നനഞ്ഞ , നിറഞ്ഞ , വിടർന്ന ) |
| b) അർക്കൻ | ( സന്ധ്യ , സൂര്യൻ , മേഘം ) |
| c) ചാരു | ( അകലെയുള്ള , നിറമുള്ള , ഭംഗിയുള്ള ) |
| d) ചാതുരി | ( കനിവ് , കിനാവ് , കഴിവ് ) |
| e) ധാരാളം | ( ആഗ്രഹം , അനവധി , ആശയം ) |
| f) പവിത്രം | ( അശുദ്ധം , പരിശ്രമം , പരിശുദ്ധം ) |
| g) ദ്രോഹിക്കുക | ( ഉപദ്രവിക്കുക , സഹായിക്കുക , ഉപദേശിക്കുക ) |
| h) സമൃദ്ധം | ( സഹായം , സാവധാനം , സമ്പന്നം ) |

3) പര്യായപദങ്ങൾ എടുത്തെഴുതുക. **(6 x 1 = 6)**

| | |
|---|---|
| a) രാത്രി | ( ഉഷസ്സ് , നിശ , രാവ് , മുകിൽ ) |
| b) ശരീരം | ( മേനി , ബാഹു , തരു , തനു ) |
| c) ഇല | ( മലർ , പത്രം , ദളം , സുമം ) |
| d) ചന്തം | ( മിഴി , മൊഴി , അഴക് , ഭംഗി ) |
| e) കരം | ( കൈ , ആനനം , പദം , പാണി ) |
| f) വീട് | ( ഗ്രാമം , ഗമനം , ഗൃഹം , ആലയം ) |

4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക. **(6x ½ = 3)**

a) നിശീഥിനി / നിശീഥിണി / നിഷിഥിനി

b) മാഹത്വം / മഹത്വം / മഗത്വം

c) കഠിനാത്വാനി / കടിനാധ്വാനി / കഠിനാധ്വാനി

d) സംഭാഷണം / സംഭാക്ഷണം / സംഭാഷനം

e) പ്രഗൃതി / പ്രകൃത്തി / പ്രകൃതി

f) രാസവസ്തുക്കൾ / രാസവസ്തുകൾ / രാസ്സവസ്തുക്കൾ

5) ബഹുവചനം എഴുതുക. **(6 x ½ = 3)**

a) ഞാൻ b) കവി c) കണ്ണ്

d) നിഴൽ e) മൃഗം f) വിരൽ

6) വിപരീതപദം എഴുതുക. **(8 x ½ = 4)**

a) ഗുണം b) ഭയം c) ശ്രമം d) രസം

e) പരിചിതം f) നന്മ g) പൂർണ്ണം h) പ്രത്യക്ഷം

7) ചേർത്തെഴുതുക. **(8 x ½ = 4)**

a) പരിചയം + ഇല്ല b) ഗുണപ്രദം + ആണ് c) രക്ഷ + ആയി

d) പൂവിളി + ഉയരും e) മാനത്ത് + എത്തിയ f) വെറ്റില + ഉടെ

g) പൂർണ്ണത + ഉള്ളൂ h) കേറി + ഇറങ്ങിയ

8) പിരിച്ചെഴുതുക. **(8 x ½ = 4)**

a) പണ്ടുള്ളവർ b) അധികമായാൽ c) പീലിക്കാവടി

d) കിടന്നൊരു e) വൃത്തിയാക്കുന്നു f) ചേലയുടുത്ത

g) തിങ്കൾക്കല h) മഴവിൽക്കൊടി

9) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക. **(3x 1 = 3)**

a) ഔഷധച്ചെടികൾ / ചുറ്റും / നമുക്ക് / ധാരാളം / തന്നെയുണ്ട്

b) ഫാസ്റ്റ് ഫുഡ് / ആരോഗ്യം / മനുഷ്യന്റെ / ഇല്ലാതാക്കി / സംസ്കാരം

c) കുട്ടികൾ / തുടങ്ങി / എടുത്ത് / കല്ല് / തവളകളെ / എറിയാൻ

10) കാലപ്രത്യയങ്ങൾ ചേർത്ത് എഴുതുക. **(4)**

| ഭൂതകാലം | വർത്തമാനകാലം | ഭാവികാലം |
|---|---|---|
| കരഞ്ഞു | | |
| ഓടി | | |
| വന്നു | | |
| പാടി | | |

11) പാഠഭാഗത്തിലേതു പോലെ കവിത പൂർത്തിയാക്കുക. ( 6 വരി ) **(6)**

മാനത്തെത്തിയ ------------------------------------

----------------------------------------------- മലമുടിയിൽ.

12) കേരളത്തിലെ 8 ജില്ലകളുടെ പേര് മലയാളത്തിൽ എഴുതുക. **(4)**

13) ഏതെങ്കിലും 4 ദിക്കുകളുടെ പേര് മലയാളത്തിൽ എഴുതുക. **(2)**

14) ഏതെങ്കിലും10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **(10 x 2 = 20)**

a) തഴുതാമയുടെ പ്രാധാന്യമെന്ത് ?

b) എവിടെയെല്ലാമാണ് ഈശ്വരന്റെ ചിത്രചാതുരി കാണുന്നത് ?

c) അച്ഛൻ വിനുവിനോടും രാഹുലിനോടും വൈകുന്നേരം കളിക്കണം എന്ന് പറഞ്ഞത് എന്തുകൊണ്ട് ?

d) വെറ്റിലയ്ക്ക് നമ്മുടെ സമൂഹത്തിലുള്ള സ്ഥാനമെന്ത് ?

e) തവളയുടെ സംഭാഷണം കേട്ട് കുട്ടികൾ എന്താണ് തീരുമാനിച്ചത് ?

f) കൊതുകുകൾ പരത്തുന്ന അസുഖങ്ങൾ ഏതെല്ലാം ?

g) പണ്ടുള്ളവരെ ഇന്നത്തെ സമൂഹത്തിൽ നിന്നും വ്യത്യസ്തമാക്കുന്നതെന്ത് ?

h) വിനു കൂട്ടുകാരെ വിളിച്ച് കാണിച്ചുകൊടുത്തത് എന്ത് ?

i) ക്യാൻസർ പോലെയുള്ള മാരക രോഗങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നതെങ്ങനെ ?

j) തുളസി നമുക്ക് എങ്ങനെ ഉപകാരപ്രദമാകുന്നു ?

k) എവിടെയാണ് മഴവില്ല് നെടുവീർപ്പുകളുടെ കവിത വിടർത്തുന്നത് ?

l) രാത്രിയിൽ വെൺതിങ്കൾക്കല നിന്നു മയങ്ങിയത് എവിടെ ?

15) ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **( 4x 2 = 8)**

പണ്ട് കേരളം ഭരിച്ചിരുന്ന നീതിമാനായ ഒരു ചക്രവത്തിയായിരുന്നു മഹാബലി. അദ്ദേഹം തന്റെ പ്രജകളെ ജീവന് തുല്യം സ്നേഹിച്ചിരുന്നു. പ്രജകൾ അദ്ദേഹത്തെയും. മഹാബലി ഭരിച്ചിരുന്ന ആ കാലത്ത് കള്ളമോ ചതിയോ ഇല്ലായിരുന്നു. എല്ലാവർക്കും സുഖവും സന്തോഷവും മാത്രം. മഹാബലിയുടെ സദ് ഭരണം ദേവന്മാരിൽ അസൂയയുണ്ടാക്കി. സ്വർഗ്ഗം കൂടി മഹാബലി കയ്യടക്കുമോ എന്ന് ദേവന്മാർ ഭയപ്പെട്ടു. മഹാബലിയെ ഒരു പാഠം പഠിപ്പിക്കാൻ ദേവന്മാർ തീരുമാനിച്ചു. അവർ മഹാവിഷ്ണുവിനെ ചെന്ന് കണ്ട് പരാതി പറഞ്ഞു. ദേവന്മാരുടെ സങ്കടം കേട്ട് പരിഹാരം ഉണ്ടാക്കാം എന്ന് മഹാവിഷ്ണു ഉറപ്പു നൽകി. മഹാവിഷ്ണു ഒരു ബാലനായ വാമനന്റെ വേഷത്തിൽ മഹാബലിയുടെ കൊട്ടാരത്തിലെത്തി. വാമനനെ മഹാബലി യഥാവിധി സ്വീകരിച്ചു. മഹാബലിയോട് വാമനൻ മൂന്നടി മണ്ണ് ദാനമായി ആവശ്യപ്പെട്ടു. മഹാബലി സന്തോഷത്തോടെ വാമനന്റെ ആവശ്യം സമ്മതിച്ചു. പെട്ടെന്ന് വാമനൻ ആകാശം മുട്ടെ വളർന്നു. ഒന്നാമത്തെ അടി കൊണ്ട് ഭൂമിയും രണ്ടാമത്തെ അടി കൊണ്ട് ആകാശവും അളന്നുതീർത്തു. മൂന്നാമത്തെ കാലടി വെയ്ക്കാൻ സ്ഥലമില്ലാതെ വന്നപ്പോൾ കൊടുത്ത വാക്ക് പാലിക്കാനായി മഹാബലി തന്റെ ശിരസ്സ് കുനിച്ചു കൊടുത്തു.

<u>ചോദ്യങ്ങൾ :</u>

1) ആരായിരുന്നു മഹാബലി ?
2) മഹാബലിയുടെ സദ്ഭരണം ആർക്കാണ് അസൂയ ഉണ്ടാക്കിയത് ?
3) ദേവന്മാർ ആരോടാണ് പരാതി പറഞ്ഞത് ?
4) മഹാബലിയോട് വാമനൻ എന്താണ് ആവശ്യപ്പെട്ടത് ?

***